**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4363** **09-08-2021 - ൽ മറുപടിയ്ക്ക്**

**റീസർവ്വേ പൂർത്തീകരിക്കാത്ത വില്ലേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റീസർവ്വേ പൂർത്തീകരിക്കാത്ത എത്ര വില്ലേജുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 757 വില്ലേജുകളുടെ റീസർവ്വെ ജോലികൾ പൂർത്തിയാക്കുവാൻ ശേഷിക്കുന്നുണ്ട്. |
| (ബി) | റീ സർവ്വെ നടപടികൾ പൂർത്തീകരിക്കുന്നതിന് എന്തുകൊണ്ടാണ് കാലതാമസം നേരിടുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിലുള്ള ജീവനക്കാരെ വിവിധ താലൂക്കുകളിലെ LRM, സ്പെഷ്യൽ സർവ്വെ, പട്ടയ സർവ്വെ കൂടാതെ സർക്കാരിന്റെ വിവിധ വികസന പദ്ധതികളുമായി ബന്ധപ്പെട്ട സർവ്വെ ജോലികൾക്കായി നിയോഗിക്കുന്നതിനാൽ സംസ്ഥാനത്തെ റീസർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നു. എന്നാൽ ആധുനിക സർവ്വെ സാങ്കേതിക വിദ്യയായ Continuously Operating Reference Station (CORS) നെറ്റ് വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും Realtime kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനുമായി സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയറുടെ കൂടി സേവനം വിനിയോഗിച്ച് സർവ്വെ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധിക്കാവശ്യമായ തുക Rebuild Kerala Initiative (RKI) ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ശിപാർശ പരിഗണനയിലുമാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ റീസർവ്വെ ജോലികൾ കൂടുതൽ വേഗത്തിൽ പൂർത്തിയാക്കുവാൻ കഴിയുന്നതാണ്. |
| (സി) | സർക്കാർ പുറമ്പോക്ക് ഭൂമിയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക്, കന്നുകാലി മേച്ചിൽപ്പുറം, തോടുകൾ, കുളങ്ങൾ, നീർച്ചാലുകൾ തുടങ്ങിയവയും സംരക്ഷിക്കുന്നതിന് | (സി) | റീസർവ്വെ നടപടികളുടെ പരമമായ ലക്ഷ്യം സർക്കാർ ഉടമസ്ഥതയിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക്, പൊതു ഉപയോഗത്തിലുള്ള റോഡ്, തോട്, കുളം, |

| | | | |
|---|---|---|---|
| | സർവ്വേ വിഭാഗം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | നീർച്ചാലുകൾ തുടങ്ങിയ പുറമ്പോക്ക് ഭൂമികളുടെ സംരക്ഷണമാണ്. ആയതിനാൽ നിലവിലെ റവന്യൂ റിക്കാർഡുകളുടെയും, അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ പുറമ്പോക്ക്, നാളത് പുറമ്പോക്ക് ഭൂമികൾ വിസ്തീർണ്ണത്തിലും അളവിലും കുറവ് വരുന്നില്ലായെന്ന് ഉറപ്പ് വരുത്തിയതിനു ശേഷമാണ് സ്വകാര്യ വസ്തുക്കൾ സർവ്വെ ചെയ്യുന്നത്. കൂടാതെ വില്ലേജ് റിക്കാർഡുകൾ പ്രകാരമുള്ള പുറമ്പോക്കിൽ കുറവ് വന്നിട്ടില്ലായെന്ന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ മുഖേന ഉറപ്പുവരുത്തിയതിനുശേഷമാണ് സർവ്വെ & ബൗണ്ടറീസ് ആക്ട് സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതും റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുകയും ചെയ്യുന്നത്. പ്രസ്തുത നടപടികളാണ് പുറമ്പോക്ക് ഭൂമികളുടെ സംരക്ഷണത്തിന് സർവ്വെ വകുപ്പ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ